**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 715** **09-06-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri Saji Cherian (മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ പദ്ധതിയിൽ നിന്നുള്ള ധനസഹായം കഴിഞ്ഞ മാസം മുതൽ ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | വടകര നിയോജക മണ്ഡലത്തിൽ എത്ര പേർക്കാണ് പ്രസ്തുത ധനസഹായം ലഭിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | വടകര നിയോജക മണ്ഡലത്തിൽ മടപ്പള്ളി, മാടാക്കര, അഴിയൂർ, ചോമ്പാല, മുട്ടുങ്ങൽ, കുരിയാടി, വടകര സൗത്ത്, വടകര നോർത്ത് എന്നീ 8 മത്സ്യ ഗ്രാമങ്ങളിൽ നിന്നുമായി ആകെ 3214 പേർക്കാണ് പ്രസ്തുത ധനസഹായം ലഭിക്കാൻ അർഹതയുള്ളത് . |
| (സി) | ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | കോഴിക്കോട് ജില്ലയിലെ വടകര നിയോജക മണ്ഡലം ഉൾപ്പെടെയുള്ള വിവിധ കടൽ മത്സ്യഗ്രാമങ്ങളിലെ ഗുണഭോക്താക്കൾക്ക് മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ (2020-21) ഒന്നാം ഗഡു തുക നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിന് 14/5/2021 - ന് ഉത്തരവ് നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം പദ്ധതിയുടെ രണ്ടാം ഗഡു (സംസ്ഥാന സർക്കാർ വിഹിതം) 2021 ജൂൺ മാസത്തിൽ വിതരണം ചെയ്യുന്നതിനും, പദ്ധതിയുടെ മൂന്നാം ഗഡു (കേന്ദ്ര സർക്കാർ വിഹിതം) 2021 ജൂലൈ മാസത്തിൽ പദ്ധതി വിഹിതം ലഭ്യമാക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ